വനവൃവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) പൊതുവായി ഉപയോഗമുള്ളതും പ്രകൃതി കുഷ്ഠരോഗത്തിനിരയായവർക്ക് ആശ്വാസവും ജോലിയും നൽകുന്നതിനുപകരിക്കുന്നതുമായ ജോലികളാണ് ഫാമിൻ റിലീഫ് പദ്ധതിപ്രകാരം നടപ്പിലാക്കുന്നത്.

(ബി) സമയക്കുറവുകൊണ്ട് ഫണ്ട് ലാപ്സാവുമെന്ന് പരാതി ലഭിച്ചിട്ടില്ല. അനുവദിച്ചിട്ടുള്ളതുക മുഴുവൻ ചെലവാക്കാം എന്നാണ് പ്രതീക്ഷ.

(സി) ചോദ്യം ഉദിക്കുന്നില്ല.

എ. പി. ഐ. എന്ന വാർത്താ ഏജൻസിക്ക് നൽകിയ അക്രെഡിറേഷൻ

* 771 [839] ശ്രീ. ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) എ. പി. ഐ. എന്ന വാർത്താ ഏജൻസിക്കു സംസ്ഥാന അക്രെഡിറേഷൻ നൽകിയത് എന്നാണ്;

(ബി) അക്രെഡിറേഷൻ നൽകുമ്പോൾ ആരായിരുന്നു ഇൻഫർമേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി;

(സി) എ. പി. ഐ. വാർത്താ ഏജൻസിയുടെ സർവീസ് എന്നു മുതൽക്കാണ് പബ്ലിക് റിലേഷൻസ് വകുപ്പ് സബ്സ്ക്രൈബ് ചെയ്യാൻ തുടങ്ങിയത്. വർഷം, മാസം, തീയതി എന്നിവ വ്യക്തമാക്കാമോ;

(ഡി) എ. പി. ഐ. യുടെ സർവീസ് ഗവൺമെന്റ് എടുക്കാൻ തീരുമാനിക്കുമ്പോൾ ആരായിരുന്നു സംസ്ഥാന ധനകാര്യമന്ത്രി;

(ഇ) എ. പി. ഐ. യുടെ സർവീസിന്ന് പ്രതിഫലമായി പ്രതിമാസം എത്ര രൂപ വീതം നൽകണമെന്നാണ് പി. ആർ. ഡി. ശുപാർശ ചെയ്തത്;

(എഫ്) ധനകാര്യവകുപ്പ് എത്ര രൂപയാണ് അനുവദിച്ചത്;

(ജി) എ. പി. ഐ. വാർത്താ ഏജൻസിയുടെ സബ്സ്ക്രിപ്ഷൻ വ്യവസ്ഥയിലാണ് പി. ആർ. ഡി. നിർത്തിയത്, അന്ന് ആരാണ് ഇൻഫർമേഷൻ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 1972 ഏപ്രിൽ മാസത്തിൽ.

(ബി) ശ്രീ. കെ. കരുണാകരൻ.

(സി) 24-4-1973 മുതൽ,

(ഡി) ഡോ: കെ. ജി. അടിയോടി.

(ഇ) 500 രൂപ.

(എഫ്) 200 രൂപ.

(ജി) ഏപ്രിൽ 1978. ശ്രീ. എ. കെ. ആന്റണി.

LIBRARY ARCHIVES Kerala Legislative Assembly